**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 13** 23-08-2022 - ൽ മറുപടിയ്ക്ക്

**പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്ക് അനുവദിച്ച ശമ്പളം, അലവൻസുകൾ, യാത്രാബത്ത, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) | അടിസ്ഥാന ശമ്പളം : 2000/- രൂപ, ഡി.എ : 38,429/- രൂപ, കൺവെയൻസ് അലവൻസ് : 17,000/- രൂപ, കോൺസ്റ്റിറ്റ്യൻസി അലവൻസ് : 40,000/- രൂപ എന്ന നിരക്കിലാണ് ശമ്പളം നൽകി വരുന്നത്. ഔദ്യോഗിക യാത്രകൾക്ക് അർഹമായ ടി എ, ടെലഫോൺ ചാർജ്ജ് എന്നിവ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിന്റെ ശമ്പളമടക്കമുള്ള വിവരങ്ങൾ, വാഹന സൗകര്യങ്ങൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ; | (ബി) | സർക്കാർ വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അദർ ഡ്യൂട്ടി വ്യവസ്ഥയിലും നേരിട്ടുള്ള നിയമനം മുഖേനയുമാണ് പേഴ്സണൽ സ്റ്റാഫിൽ നിയമനം നടത്തിയിട്ടുള്ളത്. അദർ ഡ്യൂട്ടിയിൽ നിയമിക്കപ്പെട്ടവർക്ക് അവരുടെ മാതൃവകുപ്പിലെ ശമ്പളവും നേരിട്ട് നിയമനം ലഭിച്ചവർക്ക് 17-04-2021 ലെ സ.ഉ(സാധാ) 1578/2021/പൊ.ഭ.വ ഉത്തരവ് പ്രകാരവുമാണ് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചിട്ടുള്ളത്. വ്യവസ്ഥ പ്രകാരമുള്ള മറ്റ് ആനുകൂല്യങ്ങളും ഔദ്യോഗിക ആവശ്യത്തിനുള്ള വാഹന സൗകര്യവും അനുവദിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ നിയമിതരായിട്ടുള്ള സ്റ്റാഫിന്റെ ശമ്പളമടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | ഔദ്യോഗിക വസതിയിൽ ടൂറിസം വകുപ്പിലെ സ്ഥിരം/താൽക്കാലിക ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത്. ഇവർ മന്ത്രിയുടെ സ്റ്റാഫിൻറെ ഭാഗമല്ല. ഇവർക്ക് ടൂറിസം വകുപ്പിൽ നിന്നാണ് അർഹമായ നിരക്കിലുള്ള ശമ്പളവും മറ്റ ആനുകൂല്യങ്ങളും നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ